**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **01-02-2023 - ൽ മറുപടിയ്ക്ക്**

**അലൈഡ് ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട പ്രൊഫഷനലുകളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അലൈഡ് ഹെൽത്ത് കെയറുമായി ബന്ധപ്പെട്ട പ്രൊഫഷനലുകളുടെ രജിസ്ട്രേഷൻ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത സ്കീം ഉദ്ഘാടനം നടത്തിയത് അല്ലാതെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **2021 ലെ നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ടിന്റെ അദ്ധ്യായം III സെക്ഷൻ 22 പ്രകാരം സംസ്ഥാനത്ത് 28/09/2022 തീയതിയിലെ 3327-ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ SRO നമ്പർ 924/22 ആയി പ്രസിദ്ധീകരിച്ച 28/09/2022 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ. 53/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച "ദി കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ" ചുമതലകളും ഉത്തരവാദിത്വങ്ങളും ശരിയായ വിധം നിർവ്വഹിക്കുന്നതിന് കേന്ദ്ര റഗുലേഷനുകളും അതോടൊപ്പം സംസ്ഥാന ചട്ടങ്ങളും അനിവാര്യമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 68 പ്രകാരം കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ കരട് ചട്ടങ്ങളും അതോടൊപ്പം കൗൺസിലിന്റെ പ്രവർത്തനത്തിനായുള്ള ധനപരമായ കാര്യങ്ങൾ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയവയും സർക്കാർ പരിശോധിച്ചു വരികയാണ്. നിയമത്തിലെ സെക്ഷൻ 66 (I) പ്രകാരം പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റഗുലേഷനുകൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കേണ്ടതുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്കും, റഗുലേഷനുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്കും പ്രസ്തുത കൗൺസിലിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ നിർവ്വഹിക്കാൻ സാധിക്കും.** |

| | | | |
|---|---|---|---|
| | | | **21/3/2002-ലെ സ.ഉ(എം.എസ്) 73/2002/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന കേരളാ പാരാമെഡിക്കൽ കൗൺസിലിന് പുതിയ കൗൺസിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതുവരെ തുടർന്നും പാരാമെഡിക്കൽ സർട്ടിഫിക്കറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനുമുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിലവിൽ നൽകി വരുന്നുണ്ട്.** |
| (ബി) | രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന അലൈഡ് ഹെൽത്ത് കെയർ രംഗത്തെ വ്യാജന്മാർക്കെതിരെ എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; സ്റ്റേറ്റ് റിസോഴ്സ് സെൻററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകൾ ചെയ്യുന്നവർക്ക് അലൈഡ് ഹെൽത്ത് കെയറിന് കീഴിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ എന്നറിയിക്കുമോ; | (ബി) | NCHAP ആക്ട് 2021 ലെ വകുപ്പ് 59 ൽ നിയമത്തിലോ ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിഷ്കർഷിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഉന്നയിക്കുന്നപക്ഷം ഒരു വർഷത്തിൽ കുറയാത്ത എന്നാൽ മൂന്ന് വർഷം വരെ നീളാവുന്ന തടവ് ശിക്ഷയും അല്ലെങ്കിൽ 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ പിഴയും ചുമത്താവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് പ്രസ്തുത ആക്ടിലെ വകുപ്പ് 59 പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന അലൈഡ് ഹെൽത്ത് കെയർ രംഗത്തെ വ്യാജന്മാർക്കെതിരെ സ്റ്റേറ്റ് കൗൺസിലിന് പരാതി നൽകാവുന്നതാണ്.<br><br>സ്റ്റേറ്റ് റിസോഴ്സ് സെൻററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകൾ ചെയ്യുന്നവർക്ക് അലൈഡ് ഹെൽത്ത് കെയറിന് കീഴിൽ രജിസ്റ്റർ ചെയ്യുന്ന വിഷയം കൗൺസിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് കൗൺസിലിന്റെ തീരുമാനത്തിനായി സമർപ്പിക്കാവുന്നതാണ്. |
| (സി) | സ്റ്റേറ്റ് റിസോഴ്സ് സെൻററിന്റെ കീഴിൽ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകളുടെ ഉദ്ദേശം വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകൾ പാസാകുന്നവർക്ക് കൗൺസിലർ ആയോ സൈക്കോളജിസ്റ്റായോ പ്രാക്ടീസ് ചെയ്യാൻ അധികാരം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | ജീവിതശൈലീ രോഗങ്ങളുടെ കാലത്ത് ജനങ്ങളുടെ മാനസികാരോഗ്യവും അതുവഴി ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് എസ്.ആർ.സി കൗൺസിലിംഗ് കോഴ്സുകളുടെ പ്രധാന ഉദ്ദേശ്യം. ഇതിനായി വ്യക്തികൾക്ക് കൗൺസിലിംഗ് രംഗത്ത് അറിവും കഴിവും വർദ്ധിപ്പിക്കുന്നതിനും മാനസിക സംഘർഷങ്ങളിൽ നിന്നും മാറിനിൽക്കുന്നതിന് സ്വയം സഹായിക്കുന്നതിനും കൂടെയുള്ളവരെ സന്നദ്ധരാക്കുന്നതിനും ഉതകുന്ന രീതിയിലാണ് പ്രസ്തുത കോഴ്സുകൾ നടത്തിവരുന്നത്. എസ്.ആർ.സി കോഴ്സുകളെല്ലാം അസിസ്റ്റൻസ് അഥവാ മറ്റൊരു വിദഗ്ദ്ധന്റെ/യുടെ സാന്നിധ്യത്തിൽ മാത്രമേ നടത്താവൂ എന്ന് എസ്.ആർ.സി |

| | | | |
|---|---|---|---|
| | | | നിഷ്കർഷിക്കുന്നുണ്ട്. എസ്.അർ.സി കൗൺസിലിംഗ് കോഴ്സുകൾ മാത്രം പൂർത്തിയാക്കിയവർ കൗൺസിലിംഗ് രംഗത്ത് സ്വതന്ത്രരായി പ്രവർത്തിക്കാൻ യോഗ്യരല്ല മറിച്ച് മറ്റു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഒരു അധിക യോഗ്യതയായോ കൗൺസലിംഗ് രംഗത്ത് കൂടുതൽ നൈപുണ്യം നേടാനോ ആണ് പ്രസ്തുത കോഴ്സുകൾ രൂപകല്പന ചെയ്തിട്ടുള്ളത്.<br><br>എസ്.ആർ.സിയുടെ കൗൺസിലിംഗ് കോഴ്സുകൾ പാസാകുന്ന വർക്ക് സൈക്കോളജിസ്റ്റായോ സ്വതന്ത്ര കൗൺസിലർ ആയോ പ്രാക്ടീസ് ചെയ്യാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ